**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1168 | 01-07-2015 -ൽ മറുപടിക്ക്

**പമ്പിംഗ് സബ്സിഡി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ച കർഷകരുടെ പമ്പിംഗ് സബ്സിഡി വിതരണം ചെയ്യുന്നതു സംബന്ധിച്ച അവ്യക്തത നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുമോ; | എ) | വിളവെട്ടപ്പ് വിജയകരമായി പൂർത്തിയാക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫിക്കറ്റ് നൽകുന്ന പാടശേഖരങ്ങൾക്കു മാത്രമേ നിലവിലുള്ള നിയമപ്രകാരം പമ്പിംഗ് സബ്സിഡി അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് പമ്പിംഗ് സബ്സിഡി അനുവദിക്കാൻ നിലവിലുള്ള നിയമപ്രകാരം കഴിയില്ല. |
| ബി) | പമ്പിംഗ് സബ്സിഡി സംബന്ധിച്ച് ദുരന്ത പ്രതികരണനിധി മാനദണ്ഡം വ്യക്തമാക്കാമോ; | ബി) | പമ്പിംഗ് സബ്സിഡി സംബന്ധിച്ച് ദുരന്ത പ്രതികരണനിധിയിൽ പ്രത്യേക മാനദണ്ഡങ്ങളില്ല. |
| സി) | പമ്പിംഗ് നടന്നതിനുശേഷം കൊയ്തെടുക്കുവാൻ കഴിയാത്ത പാടശേഖരങ്ങൾക്കുള്ള സബ്സിഡി സംബന്ധിച്ച പരാതിയിന്മേൽ വ്യക്തമായ ഉത്തരവ് നൽകുമോ; | സി) | പമ്പിംഗ് പൂർത്തീകരിച്ച ശേഷം കൃഷി നാശം സംഭവിച്ചാൽ 'കേരള പുഞ്ചപാട ശേഖരങ്ങളിലെ കൃഷി ധനസഹായ ചട്ടങ്ങൾ 1986' പ്രകാരമുള്ള പമ്പിംഗ് സബ്സിഡി റൂൾ പ്രകാരം പമ്പിംഗ് സബ്സിഡി വിതരണം ചെയ്യാൻ കഴിയില്ല. |
| ഡി) | പമ്പിംഗ് സബ്സിഡി സംബന്ധിച്ച് ശ്രീ. തോമസ് നൽകിയിരുന്ന 70120/കെ.4/2014/ഡി.എം.ഡി. നമ്പർ ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിന് ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പരാതി എത്രയും വേഗം തീർപ്പുകൽപ്പിക്കുമോ? | ഡി) | നിലവിലുള്ള നിയമപ്രകാരം വില്ലേജ് ഓഫീസറുടെ വിത റിപ്പോർട്ട്, കൃഷി ഓഫീസറുടെ വിളവെടുപ്പ് സർട്ടിഫിക്കറ്റ് എന്നിവ അടിസ്ഥാനമാക്കി അന്വേഷണം നടത്തിയാണ് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നത്. ശ്രീ. കെ. ടി. തോമസ് സമർപ്പിച്ചിരുന്ന അപേക്ഷയുമായി ബന്ധപ്പെട്ട് പാടശേഖരത്തിൽ കൃഷി വിളവെടുക്കാതിരുന്നതിനാൽ കൃഷി ഓഫീസർ വിളവെടുപ്പ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ആയതിനാൽ നിലവിലുള്ള നിയമപ്രകാരം പമ്പിംഗ് സബ്സിഡി അനുവദിക്കാൻ കഴിയില്ല. കൂടാതെ മേൽ വിഷയത്തിൽ പമ്പിംഗ് |

| | | | |
|---|---|---|---|
| | | | സബ്സിഡി വിതരണം ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് പരിശോധിച്ചുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാകാത്തതു മൂലമാണ് പ്രസ്തുത ഫയലിൽ തീർപ്പ് കല്പിക്കാൻ കാലതാമസമുണ്ടാകാനിടയായത്. പ്രസ്തുത പരാതി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ